FAX

**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ 31.05.2016-ന് വിരമിക്കേണ്ടിയിരുന്ന ഡോക്ടർമാരുടെ സേവന കാലാവധി ആറ് മാസത്തേയ്ക്ക് കൂടി നീട്ടി നൽകിയ നടപടി സാധൂകരിച്ചുകൊണ്ടും 2016 ജൂൺ മുതൽ ഒക്ടോബർ വരെ വിരമിക്കേണ്ട ഡോക്ടർമാരുടെ സേവന കാലാവധി 2016 നവംബർ 30 വരെ നീട്ടി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(എം.എസ്)നം.182/2016/ആ.കു.വ തിരുവനന്തപുരം, തീയതി, 08.09.2016

പരാമർശം:- ജി.ഒ(എം.എസ്) നം.100/2016/ആകുവ. തീയതി. 02.06.2016.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ 31.05.2016 ന് വിരമിക്കേണ്ടിയിരുന്ന ഡോക്ടർമാരുടെ സേവന കാലാവധി ആറ് മാസത്തേയ്ക്ക് നീട്ടി നൽകിക്കൊണ്ട് പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2)വിരമിക്കൽ തീയതിക്കുശേഷമുള്ള കാലയളവ് യാതൊരുവിധ സേവനാനുകൂല്യങ്ങൾക്കും (ഇൻക്രിമെന്റ്, ഗ്രേഡ്, പെൻഷൻ മുതലായവ) കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്തു കൊണ്ട് പരാമർശ പ്രകാരമുള്ള സർക്കാർ ഉത്തരവ് സാധൂകരിച്ച് ഉത്തരവാകുന്നു.

3)കൂടാതെ 2016 ജൂൺ മുതൽ ഒക്ടോബർ വരെ വിരമിക്കേണ്ട ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ സേവന കാലാവധി മുൻഖണ്ഡികയിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 2016 നവംബർ 30 വരെ നീട്ടി നൽകിക്കൊണ്ടും ഉത്തരവാകുന്നു. ജി.ഒ (എം.എസ്) 100/2016/ആകുവ. തീയതി. 02.06.2016 നമ്പർ ഉത്തരവിന് 01.06.2016 മുതൽ മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

4)പരാമർശം സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജീവ് സദാനന്ദൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ (H&LB) വകുപ്പ് (E. No.255379/H&L-B1/16/Fin).
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ